LIBRARY ARCHIVES Kerala Legislative Assembly

കബനീ നദിയുടെ തീരം കെട്ടി സംരക്ഷിക്കുന്നതിന് നടപടി

95 [282] ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കബനീ നദിയുടെ തീരം ഇടിഞ്ഞു നശിക്കുന്നതുകൊണ്ട് സൈഡ് കെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിന് പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കബനീ നദിയുടെ തീരം ഉദ്ദേശം 500 മീറ്റർ നീളത്തിൽ സംരക്ഷിക്കുന്നതിന് ഏകദേശം 75 ലക്ഷം രൂപ ആവശ്യമാണ്. ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവൃത്തി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല.

(ബി) ഇല്ല.

ത്രിവിക്രമംഗലം ശ്രീ മഹാവിഷ്ണുക്ഷേത്രം വക ഭൂമി സംരക്ഷണം

96 [283] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും നേമം വില്ലേജിൽ കരമനയാറ്റിൻ തീരത്തുള്ളതുമായ തിരുവനന്തപുരം ജില്ലയിലെ ത്രിവിക്രമംഗലം ശ്രീ മഹാവിഷ്ണുക്ഷേത്രം വക ഭൂമി, സംരക്ഷണഭിത്തി നിർമ്മിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) തിരുവനന്തപുരം ജില്ലയിൽ തമലം എന്ന പ്രദേശത്തുള്ള ത്രിവിക്രമംഗലം ക്ഷേത്രംവക ഭൂമി ഒരു വർഷം മുമ്പ് പാർശ്വഭിത്തിയും ബലിക്കടവും കെട്ടി സംരക്ഷിച്ചിട്ടുണ്ട്.നദിയുടെ മറുകരയിലുള്ള ഭൂമിയുടെ കുറച്ചുഭാഗം ക്ഷേത്രത്തിന്റെ അധീനതയിലാണ്. ഇതിൽ ഒരു ഭാഗം പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ സത്യൻനഗർ കടവിന്റെ ഇരുവശങ്ങളുടെ സംരക്ഷണം എന്ന പേരിൽ ഒരു പ്രവൃത്തിക്ക് റിവർ ബാങ്ക് ഡവലപ്പുമെന്റ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ദർഘാസ് നടപടി പൂർത്തിയായതിനുശേഷം നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

(സി) ഉദിക്കുന്നില്ല.